# കടവും കടപ്പാടും

തൊടുപുഴ കെ
ശങ്കർ മുംബൈ

വീട്ടുവാനാകും ഏതു കടവും, ഒരിക്കലും
വീട്ടുവാനാവാക്കടം ചിലതുണ്ടറിയില്ലേ?
കടമേയില്ലാത്തൊരു ജീവിയുമിവിടില്ലാ-
ക്കടം വീട്ടുവാൻ തെല്ലുമാവുകില്ലൊരുത്തർക്കും!

മൃഗങ്ങൾക്കറിയില്ലിക്കടത്തിന്നിടപാടു-
മൂഴിയിലവർക്കെന്നു മജ്ഞാതം, കടപ്പാടും!
സ്പഷ്ടമാണൊരു കാര്യം, ഭൂവിതിൽ നരർ മാത്രം
കടവും, കടപ്പാടും വേർതിരിച്ചറിയുന്നു!

ഋഷി ഋണവും, ദേവ ഋണവും, പിന്നെ, പിതൃ-
ഋണ മിങ്ങനെ മൂന്നുണ്ടിഋണങ്ങൾ നമുക്കെല്ലാം!
ഋഷികൾ നമുക്കേകി വേദവും വേദാന്തവും
ഋജുവായ് വര്ഷിച്ചല്ലോ സ്തോത്രങ്ങൾ, ശ്ലോകങ്ങളും!

ദേവന്മാർ സർവൈശ്വര്യ ദായികൾ, നൽകു, ന്നവർ
ദിവ്യമാം വസ്തുക്കളും സുഖവും ഭഗങ്ങളും!
വൈമനസ്യമേയില്ലാ തോതണം, കൃതജ്ഞത
വൈഭവം മാത്രം പോരാ, ഈശ്വര കടാക്ഷവും!

പെറ്റു നമ്മളെ പോറ്റി വളര്ത്തോരല്ലോ, മാതാ-
പിതാക്കളവരോടുണ്ടോട്ടേറെ കടമകൾ!
പൂജകൾ ചെയ്‌വൂ ദേവപ്രീതിയ്ക്കായതുപോലെ
പൂജ്യരാം പിതൃക്കൾക്കു ചെയ്യുന്നു പിതൃ കർമ്മം!

--------------------------